സംസ്ഥാന ഗവൺമെന്റിന്റെ പൊതുകടം

11 [294] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാങ്ങിയ കടം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് കടം വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2001 മേയ് വരെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കടം എത്രയാണെന്ന് അറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടം വാങ്ങിയ സംഖ്യയിലേക്ക് തിരിച്ചടച്ച സംഖ്യ എത്ര;

(എഫ്) ഇതുവരെ കടം വാങ്ങിയ സംഖ്യയുടെ പലിശ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-10-2003 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ പൊതുകടം 34720 കോടി രൂപ.

(ബി) 1-4-2001 മുതൽ 31-10-2003 വരെ (അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം) വാങ്ങിയ കടം 14310 കോടി രൂപ.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും മാർക്കറ്റ് ലോണുകളും, എൽ.ഐ.സി/ ജി.ഐ.സി./എൻ.സി.ഡി.സി./നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം വാങ്ങിയിട്ടുള്ളത്.

(ഡി) 1-4-2001-ലെ പൊതുകടം 23919 കോടി രൂപ.

(ഇ) 1-4-2001 മുതൽ 31-10-2003 വരെ (അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം) തിരിച്ചടച്ച തുക 6047 കോടി രൂപ.

(എഫ്) ഉണ്ട്. 2003-04-ൽ കൊടുക്കുവാനുള്ളത് 3392.35 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly